(ബി) വികസന പ്രവർത്തനങ്ങൾക്കായി വനഭൂമി വിട്ടുകൊടുക്കണമെന്ന് ഏതെല്ലാം വകുപ്പുകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട് ;

(സി) ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിനാവശ്യമായ റിസർവ് വനഭൂമി ഫിഷറീസ് വകുപ്പിന് വിട്ടുകൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിലെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 154.58 ഹെക്ടർ വനഭൂമി മറ്റാവശ്യങ്ങൾക്കായി ഇതര വകുപ്പുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ഇതിന്റെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വൈദ്യുതി ബോർഡും പൊതുമരാമത്ത് വകുപ്പും ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിന് സ്ഥലം നൽകുന്നതിലേക്കായി 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ശുപാർശകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

വനഭൂമി കയ്യേറ്റം നടത്തുന്നതിനെതിരെ നടപടി

87 [636] ശ്രീ. കെ. സി. ജോസഫ് :
„ ജി. കാർത്തികേയൻ :
„ വർക്കല കഹാർ :
„ കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര ഹെക്ടർ ഭൂമി കയ്യേറ്റം നടന്നിട്ടുണ്ട് ; ഈ കയ്യേറ്റക്കാരെ ഇറക്കിവിട്ടിട്ടുണ്ടോ ;

(ബി) ഈ കയ്യേറ്റക്കാർ കയ്യേറി നശിപ്പിച്ച വനത്തിനുപകരം വനം വച്ചുപിടിപ്പിച്ചിട്ടുണ്ടോ ;

(സി) ശബരിമല വികസത്തിനുവേണ്ടി വനഭൂമി കൊടുക്കുന്നതിന് പകരം വനഭൂമി വച്ചുപിടിപ്പിക്കുന്നതിന് ദേവസ്വം ബോർഡിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മുഴുവൻ സ്ഥലങ്ങളിലും വനം വച്ചുപിടിപ്പിച്ചിട്ടില്ല.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly